# പണയം

## ഇ. സന്തോഷ്കുമാർ

ശീലങ്ങൾ പലതും വേണ്ടെന്നുവച്ചും രാവും പകലും തയ്യൽജോലി ചെയ്തുമാണ് ചാക്കുണ്ണി റേഡിയോ വാങ്ങിയത്. ആ റേഡിയോ അയാൾക്ക് ജീവിതത്തിന്റെ ഭാഗമായി മാറി. റേഡിയോ പണയം വയ്ക്കേണ്ടിവന്നപ്പോൾ ചാക്കുണ്ണി അനുഭവിച്ച മാനസികസംഘർഷങ്ങളാണ് ഈ കഥയുടെ കാതൽ.

## കഥയുടെ ആശയം



തയ്യൽക്കാരൻ ചാക്കുണ്ണി രാപകലില്ലാതെ ജോലി ചെയ്ത് സമ്പാദിച്ച പണംകൊണ്ട് വാങ്ങിയതാണ് ഒരു മർഫി റേഡിയോ. അയാൾക്ക് അത് വെറുമൊരു റേഡിയോ മാത്രമായിരുന്നില്ല. മറിച്ച് ജീവിതത്തിന്റെ ഭാഗം തന്നെയായിരുന്നു. ഒരു ദിവസം ചാക്കുണ്ണി ആ റേഡിയോ പണയം വയ്ക്കുന്നതിനായി ചെമ്പുമത്തായിയുടെ അടുത്തെത്തി. കുട്ടിക്ക് മരുന്നു വാങ്ങാൻ 50 രൂപ വേണം. അതിനാണ് റേഡിയോ പണയം വയ്ക്കുന്നത്. സാധാരണ സ്വർണം മാത്രമേ മത്തായി പണയമായി വാങ്ങാറുള്ളൂ. ചാക്കുണ്ണിയോടുള്ള പ്രത്യേക അടുപ്പം കൊണ്ട് പണയവസ്തുവായി റേഡിയോ വാങ്ങുകയായിരുന്നു.

ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യത്തെ ആളായിരുന്നു ചാക്കുണ്ണി. റേഡിയോ വാങ്ങാൻ തീരുമാനിച്ച നാളുകളിൽ അയാൾ പല ശീലങ്ങളും മാറ്റിവച്ചു. കാലിൽ ആണിയുടെ അസുഖമുണ്ടായിട്ടും പൊട്ടിയ റബ്ബർ ചെരുപ്പ് മാറ്റിവാങ്ങാതെ കഷ്ടപ്പെട്ടു നടന്നു.

തയ്ക്കുമ്പോൾ റേഡിയോയിലെ പരിപാടികൾ ഓരോന്നായി ചാക്കുണ്ണി കേൾക്കും. അയാളുടെ ജീവിതത്തിന്റെ ഭാഗമായി റേഡിയോ. ചെമ്പുമത്തായിക്ക് പക്ഷേ പാട്ടും നാടകവുമൊന്നും താൽപര്യമില്ല. അതൊക്കെ കേൾക്കുന്ന സമയത്ത് എന്തെങ്കിലും ജോലി ചെയ്ത് പണമുണ്ടാക്കിക്കൂടേ എന്നാണ് അയാളുടെ വാദം.

റേഡിയോ പണയം വച്ചതോടെ ചാക്കുണ്ണിയുടെ ജീവിതത്തിന്റെ താളം തെറ്റി. സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം ആരോ പറിച്ചുമാറ്റിയതുപോലെയാണ് അയാൾക്ക് തോന്നിയത്. ചുറ്റുപാടും ധാരാളം ആളുകൾ ഉണ്ടായിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരു ഏകാന്തത അയാൾ അനുഭവിച്ചു.

ആഴ്ചകൾ കഴിഞ്ഞു. ഒരു ഞായറാഴ്ച ചെമ്പുമത്തായി പള്ളിയിൽ നിന്നു വരുമ്പോൾ വീട്ടുമുറ്റത്ത് ചാക്കുണ്ണിയുണ്ട്. അയാൾ കൂടുതൽ ക്ഷീണിച്ചിരുന്നു. കണ്ണുകൾ കൂടുതൽ കുഴിഞ്ഞിരുന്നു. പണയംവച്ച റേഡിയോ കുറച്ചുസമയം വാങ്ങി ബാലമണ്ഡലം പരിപാടി കേൾക്കാനെത്തിയതാണ് അയാൾ. കൈയിൽ ഒരു ബാറ്ററിയും കരുതിയിരുന്നു. ചാക്കുണ്ണിയുടെ ദയനീയമായ രൂപം കണ്ട ചെമ്പുമത്തായി തുണിസഞ്ചിയിൽ പൊതിഞ്ഞ റേഡിയോ എടുത്ത് ചാക്കുണ്ണിക്ക് നൽകി. തുണിസഞ്ചി തുറന്ന് റേഡിയോ കൈയിലെടുത്തപ്പോൾ ചാക്കുണ്ണിയുടെ കണ്ണുകൾ വിടർന്നു. ബാറ്ററി അതിലിട്ട് കുട്ടികളുടെ പാട്ടും താളവും തമ്പും ചേർന്ന ബാലമണ്ഡലം പരിപാടി അയാൾ കേട്ടു. പരിപാടി തീർന്നപ്പോൾ ബാറ്ററി ഊരിയെടുത്ത് റേഡിയോ ചെമ്പുമത്തായിയെ ഏല്പിച്ചു.

കുട്ടിക്ക് മരുന്നുവാങ്ങാനാണ് ചാക്കുണ്ണി റേഡിയോ പണയം വച്ചത്. എന്നാൽ കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. മരിച്ചുപോയ കുഞ്ഞിന് ബാലമണ്ഡലം പരിപാടി ഇഷ്ടമായിരുന്നു. കുട്ടികളുടെ പാട്ടും ചിരിയുമൊക്കെയുള്ള ആ പരിപാടി കേട്ടപ്പോൾ മനസ്സിന്റെ വേദന അല്പം കുറഞ്ഞെന്ന് പറഞ്ഞുകൊണ്ട് കണ്ണുകൾ തുടച്ച് തിരിഞ്ഞുനോക്കാതെ അയാൾ നടന്നുനീങ്ങി.